# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2114 26.03.2013 ൽ മറുപടിക്ക്

## വൈക്കം - തവണക്കടവ് റൂട്ടിലെ ബോട്ട് സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | വൈക്കം - തവണക്കടവ് റൂട്ടിൽ ജലഗതാഗത വകുപ്പിന്റെ എത്ര ബോട്ടുകളാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്നും ഓരോ ബോട്ടുകളിലും ഉൾക്കൊള്ളാൻ കഴിയുന്ന യാത്രക്കാർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) | ഈ റൂട്ടിൽ ജലഗതാഗത വകുപ്പിന്റെ 3 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ടു ബോട്ടും 100 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു ബോട്ടും ഉപയോഗിച്ച് ദിവസം 128 ട്രിപ്പുകൾ നടത്തുന്നു. |
| (ബി) | ഈ റൂട്ടിൽ ശരാശരി എത്ര യാത്രക്കാർ പ്രതിദിനം യാത്ര ചെയ്യുന്നു എന്നു വ്യക്തമാക്കുമോ; ഈ റൂട്ടിൽ ബോട്ടിന്റെ എണ്ണം കുറച്ചിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ബി) | ഈ റൂട്ടിൽ ഏതാണ്ട് 8500 യാത്രക്കാർ പ്രതിദിനം യാത്ര ചെയ്യുന്നു. ഈ റൂട്ടിൽ ബോട്ടിന്റെ എണ്ണം കുറച്ചിട്ടില്ല. |
| (സി) | കൂടുതൽ യാത്രക്കാർ സഞ്ചരിക്കുന്ന ബോട്ടുകൾ പ്രസ്തുത റൂട്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്തെന്നും പിൻവലിച്ച ബോട്ടുകൾ ഇപ്പോൾ എവിടെ സർവ്വീസ് നടത്തുന്നു എന്നും വ്യക്തമാക്കുമോ; | (സി) | 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 3 ബോട്ടുകളിൽ ഒരെണ്ണം മേജർ റിപ്പയറിനായി മാറ്റിയപ്പോൾ പകരമായി 75 പാസഞ്ചർ കപ്പാസിറ്റിയുള്ള എസ് 45 എന്ന പുതിയ ബോട്ട് ഈ റൂട്ടിൽ നൽകുകയുണ്ടായി. എസ് 33 എന്ന ബോട്ട് റിപ്പയർ പണികൾക്കു വേണ്ടി മാറ്റിയപ്പോൾ പകരം 75 പാസഞ്ചർ കപ്പാസിറ്റിയുള്ള എസ് 20 എന്ന ബോട്ടു നൽകുകയുണ്ടായി. നിലവിൽ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു ബോട്ടും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് ബോട്ടുകളും ഈ റൂട്ടിൽ ഉണ്ട്. ഇവിടെ ഓടിയിരുന്ന ഒരു ബോട്ട് ഇപ്പോൾ എറണാകുളത്ത് സർവ്വീസ് നടത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | വൈക്കം-തവണക്കടവ് ജലഗതാഗത പാത ഇപ്പോൾ വരുമാനത്തിൽ സംസ്ഥാനത്ത് എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | വൈക്കം - തവണക്കടവ് ജലപാതയിൽ 3 ബോട്ടുകൾ സർവ്വീസ് നടത്തുന്നത് വൈക്കം സ്റ്റേഷനിൽ നിന്നുമാണ്. വകുപ്പിന്റെ 14 സ്റ്റേഷനുകളിലും സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ എണ്ണം വ്യത്യസ്ഥമാകയാൽ വരുമാനത്തിൽ ബോട്ടിന്റെ എണ്ണം അനുസരിച്ചുള്ള വ്യത്യാസം ഉണ്ടാകാറുണ്ട്. അതുകൊണ്ട് വരുമാനത്തിൽ സ്റ്റേഷനുകൾ തമ്മിൽ താരതമ്യം ചെയ്യാൻ കഴിയുകയില്ല. പ്രതിദിനം ഏകദേശം 17000/- രൂപ വൈക്കം സ്റ്റേഷനിൽ കളക്ഷൻ ലഭിക്കുന്നുണ്ട്. |
| (ഇ) | വൈക്കം-തവണക്കടവ് പാതയിൽ കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളുന്ന കൂടുതൽ ബോട്ടുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | വൈക്കത്തു 100 കപ്പാസിറ്റിയുള്ള ബോട്ട് 44 ട്രിപ്പുകളും 75 കപ്പാസിറ്റിയുള്ള രണ്ടു ബോട്ടുകൾ 84 ട്രിപ്പുകളും നടത്തുന്നുണ്ട്. ട്രിപ്പുകളുടെയും ബോട്ടിന്റെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ 10700 പേർക്കു യാത്രാ സൗകര്യം നിലവിലുണ്ട്. പാസഞ്ചർ കപ്പാസിറ്റി കൂടിയ ബോട്ടുകൾ റിപ്പയർ ചെയ്തു ലഭിക്കുന്ന മുറയ്ക്ക് ഈ റൂട്ടിൽ നല്കുവാനുദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**